LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ സസ്യങ്ങൾക്ക് വിദേശ രാജ്യങ്ങൾ നേടിയ പേറ്റന്റുകൾ

*5 [13] ശ്രീ. വി. ഡി. സതീശൻ:

" എം. പി. ഗംഗാധരൻ:

" ജോർജ് ജെ. മാത്യു:

" പി. ജെ. ജോയി:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം ഔഷധച്ചെടികൾ, മറ്റ് സസ്യങ്ങൾ, ഔഷധമൂല്യമുള്ള കായ്കൾ, കിഴങ്ങുകൾ മുതലായവയെപ്പറ്റി വിദേശരാജ്യങ്ങൾ ഇതിനകം പേറ്റന്റ് നേടിയിട്ടുണ്ട്;

(ബി) ഇക്കാര്യങ്ങളെപ്പറ്റി അറിയുവാനും യഥാസമയം അതിനെതിരെ വേണ്ട നടപടികൾ സ്വീകരിക്കുവാനും സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളുണ്ട്; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) കേരളത്തിലെ ഔഷധച്ചെടികൾ, സസ്യങ്ങൾ തുടങ്ങിയവയ്ക്കായി പേറ്റന്റ് വിദേശ രാജ്യങ്ങളിൽ ചെയ്തിട്ടുള്ളതായി ആധികാരികമായി അറിവില്ല.

(ബി) നിലവിൽ സംവിധാനങ്ങൾ ഇല്ല. നിലവിലുള്ളവയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പേറ്റന്റ് സെല്ലിൽ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ വിദേശരാജ്യങ്ങൾ പേറ്റന്റ് നിയമങ്ങളുടെ പേരിൽ കവർന്നെടുക്കുന്നത് തടയാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായിട്ടും സംരക്ഷിക്കുന്നതിന് വേണ്ടിയിട്ട് ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ടി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. A report on native flora of Medical importance with special reference to traditional Medical Practice in Kerala എന്ന പേരിൽ ഒരു റിപ്പോർട്ട് 14-12-2004-ൽ കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. അതിനകത്ത് 966 ഔഷധ സസ്യങ്ങളെ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ ആക്ടിന്റെ ആനുകൂല്യം നൽകണമെന്നുള്ള ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ആയുർവേദ ഔഷധ സസ്യങ്ങൾ മാത്രമേ പേറ്റന്റ് സെല്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതായി കാണുന്നുള്ളു. മറ്റ് കാർഷികോൽപ്പന്നങ്ങളെക്കൂടി പേറ്റന്റ് സെല്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, അതിന് വേണ്ടിയുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അതിനുവേണ്ടി ഒരു പ്രത്യേക സെന്റർ കെൽട്രോണിൽ തുടങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച കാര്യങ്ങളിൽ ആളുകളിൽ ബോധവൽക്കരണം നടത്താനും ആർക്കെങ്കിലും രജിസ്റ്റർ ചെയ്യണമെന്നുണ്ടെങ്കിൽ അതിനുവേണ്ടി പ്രേരണ കൊടുക്കുന്നതിനുമാണ് ഈ സെന്റർ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കേരളത്തിൽ ഒരു പേറ്റന്റ് സെൽ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് കിട്ടിയ വിവരങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഈ സെല്ലിന്റെ പ്രവർത്തനം വേണ്ടതുപോലെ നടത്തിയില്ലെങ്കിൽ നമ്മുടെ നാട്ടറിവ്, നമുക്കുണ്ടായിട്ടുള്ള അമൂല്യ സമ്പത്തായ താളിയോല ഗ്രന്ഥങ്ങളിലെ ജ്ഞാനം ഇവയൊക്കെ മിടുക്കൻമാരായ ചില ആളുകൾ കൈവശമെടുത്ത് അവരുടേതാക്കി മാറ്റി നമ്മുടെ തനതായ വിജ്ഞാനവും സമ്പത്തും വിദേശികൾക്കോ സമ്പന്നർക്കോ നൽകാനിടയുണ്ട് എന്ന സത്യം മനസ്സിലാക്കി ഈ സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഒപ്പം നമ്മുടേത് മുഴുവൻ നമ്മുടേതാക്കി സൂക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഔഷധ ചെടികളുമായി ബന്ധപ്പെട്ടും ആയുർവേദവുമായി ബന്ധപ്പെട്ടും ഈ കാര്യങ്ങളിൽ നമ്മൾ വളരെ നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. Traditional Knowledge Digital Library Project-ൽ 56 പുസ്തകങ്ങളുണ്ട്. ആ പുസ്തകങ്ങളിലുള്ള നമ്മുടെ എല്ലാ വിധത്തിലുള്ള മരുന്നുകളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമെല്ലാം നമുക്ക് അതിന്റേതായ അവകാശം നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയുള്ള നടപടികളും നടത്തിയിട്ടുണ്ട്. കേരളത്തിൽ രൂപീകരിച്ചിട്ടുള്ള സെല്ലും ഔഷധ ചെടികളെ സംബന്ധിച്ചും ആയുർവേദ മേഖലയെ സംബന്ധിച്ചും നല്ല നിലയിലുള്ള വർക്കാണ് ചെയ്തിട്ടുള്ളത്. അതിനെ പ്രത്യേകമായിട്ട് അഭിനന്ദിക്കേണ്ടിയിരിക്കുന്നു. മറ്റ് മേഖലകളിലുള്ള കാര്യങ്ങളിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കാർഷിക മേഖലയിൽ കർഷകൻ ഉൽപ്പാദിപ്പിക്കുന്ന നല്ലയിനം വിത്തുകൾ സൂക്ഷിക്കുകയും അത് കൈമാറ്റം ചെയ്യുകയും ചെയ്യുക എന്നത് ഗ്രാമീണ കർഷകന്റെ ഒരു സാധാരണ ജോലിയാണ്. അതുപോലെ ഈ വിത്ത് മറ്റുള്ളവർക്ക് നൽകി ചെറുതെങ്കിലുമുള്ള വരുമാനം ഉണ്ടാക്കാറുമുണ്ട്. പേറ്റന്റ് നിയമം വന്നതോടുകൂടി ഇതിനുള്ള

അവകാശം നിഷേധിക്കപ്പെടുകയും മറ്റുള്ളവർ ഉൽപ്പാദിപ്പിച്ച് കൊണ്ടുവരുന്ന വിത്തുകൾ വാങ്ങി ഉപയോഗിക്കാൻ കർഷകർ നിർബന്ധിതരാകുകയും ചെയ്യും എന്ന ആശങ്കയുണ്ട്. ഈ ആശങ്ക മാറ്റി ട്രെഡീഷണലായിട്ട് ഇവിടുത്തെ കർഷകർക്ക് വിത്ത് ഉൽപ്പാദിപ്പിക്കാനും വിപണനം നടത്താനുമുണ്ടായിരുന്ന സുരക്ഷിതത്വം തുടർന്നും ഉണ്ടാക്കാനാവശ്യമായ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, കർഷകരുടെ താൽപ്പര്യത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. അതിന് പ്രത്യേകമായിട്ടുള്ള നടപടികൾ നമ്മൾ സ്വീകരിക്കും. ഗവൺമെന്റ് ഓഫ് ഇൻഡ്യയും അക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യം കാണിക്കുന്നുണ്ട്. പ്രത്യേകിച്ച് ബസുമതി അരി, അതിന്റെ പേറ്റന്റിന് വേണ്ടി ചില ശ്രമങ്ങൾ നടത്തിയപ്പോൾ സി.എസ്.ഐ.ആർ. അമേരിക്കൻ കോടതിയിൽ കേസ് കൊടുത്തു. അതിനുള്ള പേറ്റന്റിന് വേണ്ടി അവർ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തി നമ്മുടെ അവകാശം നമ്മൾ സ്ഥാപിച്ചെടുത്തു. അതുപോലെതന്നെ മഞ്ഞളിന്റെ കാര്യത്തിലും ഇതുപോലെയുള്ള ശ്രമങ്ങൾ നടത്തിയ അവസരത്തിൽ സി.എസ്.ഐ.ആർ. അതിനെതിരെ നടപടിയെടുക്കുകയും ആ കേസിൽ നമ്മൾ വിജയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന്, നമുക്ക് ഇന്നുള്ള പ്രത്യേകമായിട്ടുള്ള, വിത്തുകൾ അടക്കമുള്ളവ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം— ജിയോഗ്രാഫിക്കൽ ഇൻഡിക്കേറ്റർ വച്ച് നോക്കുമ്പോൾ അത് നമുക്ക് നമ്മുടെ അവകാശമാക്കി മാറ്റാൻ സാധിക്കും. അക്കാര്യത്തിൽ പ്രത്യേകമായിട്ടുള്ള താൽപ്പര്യം ഗവൺമെന്റ് കാണിക്കുന്നതാണ്.

<u>ശ്രീ. എം. എ. ചന്ദ്രശേഖരൻ:</u> സർ, ഈ പേറ്റന്റ് സമിതിയിൽ ആരെല്ലാമാണ് അംഗങ്ങൾ; അവരുടെ യോഗ്യത എന്താണ് നിശ്ചയിച്ചിട്ടുള്ളത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, 7-7-2003-നാണ് ഈ കമ്മിറ്റിക്ക് രൂപം കൊടുത്തത്. ആ കമ്മിറ്റിയിൽ 5 അംഗങ്ങളുണ്ട്. ശ്രീ. ഇ. കെ. ഭരത് ഭൂഷൺ ആണ് ഇപ്പോഴത്തെ ചെയർമാൻ. നേരത്തെ ആയുർവേദ പ്രിൻസിപ്പൽ സെക്രട്ടറിയായ ശ്രീ. കെ. രാമമൂർത്തി ആയിരുന്നു ചെയർമാൻ. ചെയർമാനെ കൂടാതെ ഡോക്ടർ കെ. ശങ്കരൻ, ഡോക്ടർ കെ. പി. ശ്രീനിവാസൻ, ശ്രീ. എ. വി. നാരായണസ്വാമി, ഡോക്ടർ ജോയ് വർഗ്ഗീസ്. ഈ അഞ്ച് പേരുടെ പേരാണ് എന്റെ കയ്യിലുള്ളത്. 7-7-2003-നാണ് ഈ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ഇതിന്റെ ചെയർമാനെമാത്രം 29-8-2003-ൽ മാറ്റിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly